പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1061

01.07.2015 ൽ മറുപടിയ്ക്ക്

## ഭൂമി വിൽക്കുന്നതിന് വേണ്ടി എയ്ഡഡ് സ്കൂളുകൾ അടച്ചുപൂട്ടുക

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>വിദ്യാഭ്യാസ വകുപ്പുമന്ത്രി | |
| (എ) | സംസ്ഥാനത്ത് എയ്ഡഡ് സ്കൂൾ മാനേജർമാർക്ക് ഭൂമി വിൽക്കുന്നതിന് വേണ്ടി സ്കൂളുകൾ അടച്ചു പൂട്ടുന്നതിന് നോട്ടീസ് നൽകുന്ന പ്രവണത വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സ്കൂളുകളിൽ കുട്ടികൾ കുറവായതുകൊണ്ട് സ്കൂൾ അടച്ചു പൂട്ടുന്നതിന് മാനേജർമാർ നോട്ടീസ് നൽകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എയ്ഡഡ് സ്കൂൾ മാനേജർമാർക്ക് മുൻകൂർ നോട്ടീസ് നൽകി സ്കൂൾ അടച്ച് പൂട്ടുന്നതിന് വ്യവസ്ഥ ചെയ്യുന്ന കേരള വിദ്യാഭ്യാസ ചട്ടത്തിലെ ബന്ധപ്പെട്ട വകുപ്പുകൾ നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | ഇക്കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. |
| (സി) | കേരള ഹൈക്കോടതിയിൽ നിന്നും സ്കൂൾ മാനേജർമാർ വാങ്ങിയ വിധിക്കെതിരെ സുപ്രീം കോടതിയെ സമീപിക്കുന്നതിനും ഇതു സംബന്ധിച്ച് നിയമ നിർമ്മാണം നടത്തുന്നതിനും നടപടി സ്വീകരിക്കുമോ? | (സി) | വിധിക്കെതിരെ സുപ്രീം കോടതിയിൽ അപ്പീൽ നൽകുന്നതിന് തീരുമാനിച്ചിട്ടില്ല. എന്നാൽ ഇതു സംബന്ധിച്ച് കേരള വിദ്യാഭ്യാസ നിയമം, ചട്ടം എന്നിവയിൽ ആവശ്യമായ മാറ്റം വരുത്തുന്ന കാര്യം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ